നിത്യോപയോഗ സാധനങ്ങളുടെ വിതരണം കാര്യക്ഷമമാക്കുകയും വിലക്കയറ്റം ഉണ്ടാകാതെ വിലനിയന്ത്രിക്കുകയും ചെയ്യുകയാണ് പ്രധാന കടമയും ലക്ഷ്യവും. എന്നാൽ ഫണ്ടിന്റെ കുറവുമൂലവും കടുത്ത സാമ്പത്തിക ബാധ്യതകൾമൂലവും മൊത്ത വ്യാപാരം നടക്കുന്നില്ല. ഇപ്പോൾ സ്വന്തം വിൽപ്പനശാലകൾ വഴിയുള്ള റീട്ടെയിൽ വിൽപ്പന മാത്രമാണ് നടക്കുന്നത്.

(ബി) ഇല്ല. പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, എന്നീ ജില്ലകൾ ഒഴികെയുള്ള മറ്റ് 11 ജില്ലകളിൽ മാത്രമേ ഇപ്പോൾ മൊത്തവ്യാപാര സ്റ്റോറുകൾ പ്രവർത്തിക്കുന്നുള്ളു.

(സി) തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മൊത്ത വ്യാപാര സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) സഹകരണ മൊത്ത വ്യാപാര സ്റ്റോറുകളുടെ പുനരുദ്ധാരണവും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കുവാൻ സർക്കാർ ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

ടീ എസ്റ്റേറ്റിലെ ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള അഴിമതി ആരോപണങ്ങൾ

107 (948) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ മാനന്തവാടി പഞ്ചാരക്കൊല്ലി-പ്രീയദർശിനി ടീ എസ്റ്റേറ്റിലെ ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെല്ലാം ആരോപണങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് പ്രീയദർശിനി ടീ എസ്റ്റേറ്റിലെ അഴിമതിയെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർമാർക്കെതിരെ നടപടിയെടുക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതായി അറിയാമോ ;

(ഡി) പ്രീയദർശിനി എസ്റ്റേറ്റിലെ ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാനന്തവാടി പഞ്ചാരക്കൊല്ലി-പ്രീയദർശിനി ടീ എസ്റ്റേറ്റിലെ മാനേജർ ശ്രീ. സി. എം. പ്രഭുവിനെതിരെ ആണ് ആരോപണങ്ങൾ. തേയിലപ്പൊടി

LIBRARY ARCHIVES Kerala Legislative Assembly

വിൽപ്പനയിലെ ക്രമക്കേട്, വാഹനങ്ങളുടെ ദുരുപയോഗം, രണ്ടു ടീ ഫാക്ടറികളിൽ ഒരേ സമയം ജോലി ചെയ്യുന്നു. ഇന്ധനമായി ഉപയോഗിക്കുന്ന ബ്രിക്കറ്റ് വാങ്ങുന്നതിലെ അഴിമതി, പ്രോവിഡന്റ് ഫണ്ടിലെ ധനാപഹരണം മുതലായവ ആണ് ആരോപണങ്ങൾ.

(സി) ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രീയദർശിനി ടി എസ്റ്റേറ്റിലെ മാനേജർ ശ്രീ. സി. എം പ്രഭുവിനെതിരെയുള്ള ആരോപണങ്ങളെപ്പറ്റി സഹകരണവകുപ്പ് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. എം പ്രഭുവിന്റെ കരാർ നിയമനം അവസാനിപ്പിച്ച് ജോലിയിൽ നിന്ന് നീക്കം ചെയ്യാൻ മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ സഹകരണസംഘം മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഇളംങ്കുളം ബാങ്ക് കോട്ടയം ജില്ലാ സഹകരണബാങ്കിൽ വരുത്തിയ കുടിശ്ശിക

108 (949) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എ) കോട്ടയം ജില്ലാ സഹകരണബാങ്ക് ഇളംങ്കുളം സർവ്വീസ് സഹകരണ ബാങ്കിന് ഏതെല്ലാം വിധത്തിലുള്ള എന്തു തുകയുടെ വായ്പകൾ കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര രൂപയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട് ;

(സി) ഇളംങ്കുളം ബാങ്കിന് ജില്ലാ സഹകരണ ബാങ്കിൽ എത്ര രൂപയുടെ ബാദ്ധ്യതയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഭരണസമിതി പിരിച്ചുവിട്ടതിനുശേഷം ബാങ്കിനുള്ള കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ നടപടികളുടെ ഫലമായി ബാങ്കിനു ലഭിക്കേണ്ട തുകയിൽ എത്ര രൂപ പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) എത്ര രൂപയുടെ കുടിശ്ശിക ഇനി പിരിഞ്ഞുകിട്ടുവാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) ഇളംങ്കുളം ബാങ്കിന്റെയും കോട്ടയം ടൂറിസം സൊസൈറ്റിയുടേയും കുടിശ്ശിക പിരിച്ചെടുത്തതിൽ കാലതാമസവും വീഴ്ചയും വന്നിട്ടുണ്ടെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ബാങ്കിന്റെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly